"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി. വി.ഐ. റഷീദയ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.455/2022/LSGD തീയതി,തിരുവനന്തപുരം, 24-02-2022

---

പരാമർശം:-

1. ശ്രീമതി. റഷീദ. വി.ഐ സമർപ്പിച്ച 1.11.2018ലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 10.6.2019 ലെ PAN/2275/2019/E5(DP) നം. കത്ത്.
3. ശ്രീ. മുഹമ്മദ് ഇസ്മായിൽ സമർപ്പിച്ച 3.8.2021 തീയതിയിലെ നിവേദനം
4. പഞ്ചായത്ത് ഡയറക്ടറുടെ 04.12.2021 ലെ PAN/2275/2019/E5(DP) നം. കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി. വി.ഐ. റഷീദയ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ടിയാൾ അപേക്ഷിച്ചിരുന്നു. ശ്രീ. മുഹമ്മദ് ഇസ്മായിൽ പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ ടിയാന്റെ ഭാര്യ ശ്രീമതി. വി.ഐ. റഷീദ ആലക്കോട് ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ ടിയാൾക്ക് ക്യാൻസർ രോഗം വന്നതിനെതുടർന്നുള്ള ശാരീരിക അവശതകൾ കാരണം സ്വീപ്പർ ജോലി ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ശ്രീമതി. റഷീദ മുൻപ് അപേക്ഷ സമർപ്പിക്കുകയും മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം പഞ്ചായത്ത് ഡയറക്ടറുടെ 26.2.2019 ലെ PAN-2275/19-E5(DP) നം. കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ളതായും നിവേദനത്തിൽ അറിയിക്കുകയും ചെയ്തു.

2. ആലക്കോട് ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി. വി.ഐ. റഷീദയുടെ പരാമർശം (1) ലെ അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിച്ചിരുന്നില്ല. പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ വകുപ്പ് 20(4) ൽ വ്യവസ്ഥ ചെയ്യുന്നതുപോലെ സർവ്വീസിനിടയിലുണ്ടാകുന്ന അംഗവൈകല്യം മൂലം നിലവിലുള്ള ജോലി ചെയ്യുന്നതിന് തടസ്സമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായി മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ലഭ്യമാകുന്ന അപേക്ഷകൾ മാത്രം ഇത്തരത്തിൽ തസ്തികമാറ്റത്തിന് പരിഗണിച്ചാൽ മതിയാകും എന്ന തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ മേൽ നിർദേശിച്ച പ്രകാരമുള്ള സാക്ഷ്യപത്രം ഹാജരാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

3. ആലംകോട് ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായി 12/07/2007 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി റഷീദ വി.ഐ-ക്ക് 2016 ൽ ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും ജോലിക്കിടയിൽ തലകറങ്ങി വീഴുകയും തുടർന്ന് നടന്ന വൈദ്യ പരിശോധനയിൽ ടിയാളുടെ ചെവിയുടെ ഉള്ളിൽ നാഡീ ഞരമ്പിൽ മുഴ ഉള്ളതായി കണ്ടെത്തുകയും ഡോക്ടറുടെ നിർദ്ദേശാനുസരണം റേഡിയേഷൻ നടത്തുകയും ചെയ്തതായും തലകറക്കം, ബാലൻസിന്റെ പ്രശ്നം, തലവേദന, ചെവി വേദന, കേൾവിക്കുറവ് തുടങ്ങി പലവിധ ശാരീരിക ബുദ്ധിമുട്ടുകൾ ശ്രീമതി. റഷീദ അനുഭവിച്ച് വരുന്നതിനാൽ ആയാസമുള്ള ജോലികൾ ചെയ്യുവാനോ പൊടി അടിക്കുവാനോ പാടില്ല എന്ന് ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ ഉള്ളതായും ടി അവശതകൾ സേവനത്തിൽ ഇരിക്കെ ഉണ്ടായ അവശതകൾ ആണെന്ന വിവരവും മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. കണ്ണൂർ ജില്ലാ ആശുപത്രി മെഡിക്കൽ ബോർഡിന്റെ 13.03.2019 ലെ സാക്ഷ്യപത്രത്തിൽ ശ്രീമതി. വി.ഐ. റഷീദ യെ heavy work ൽ നിന്ന് ഒഴിവാക്കണമെന്ന് ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യങ്ങളിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ശ്രീമതി. വി.ഐ. റഷീദയുടെ ശാരീരിക വിഷമതകൾ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി The Rights of Persons with Disabilities Act, 2016 - ലെ സെക്ഷൻ 20 (4) പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാൾക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കണ്ണൂർ ജില്ലയിൽ ഉചിതമായ സ്ഥലത്ത് ശ്രീമതി. വി.ഐ. റഷീദയ്ക്ക് പഞ്ചായത്ത് ഡയറക്ടർ നിയമനം നല്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. വി.ഐ. റഷീദ, ഫുൾ ടൈം സ്വീപ്പർ, ആലക്കോട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

സ.ഉ.(സാധാ) നം.455/2022/LSGD

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/181/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ